Governments are taking up trade and commerce, industries and co-related enterprises, I should think there is a strong case for Government growing herbs required for the benefit of our malarial patients.

Then the other question which arises is whether we should wait for an experiment. To me it appears that in this matter no experiment is necessary. Experiments have already been conducted in territories adjacent to Cochin, *viz.*, Malakkipara, the properties of whose soil are the same. We have also conducted an experiment in the Nelliampathies and particularly experts have declared that the high lands of Cochin are first class for the growth of Cinchona trees. Therefore to me it appears that there is a strong case for growing Cinchona in the Cochin State. I request the House to whole-heartedly support this resolution.

Resolution, put and carried

RESOLUTION No. 12

Appointing Committee for apportioning members according to the population of each village

Mr. A. V. Moothedan *(Chalakkudi)*: Sir, I beg to move the following resolution.—"*This Council recommends to Government that a Committee be appointed for the purpose of apportioning members according to population in each Village of a Panchayat.*"

This Resolution does not require much explanation since it is so very clear. This very same point has been raised on the floor of this House once before. According to the present arrangement, in each panchayat area there will be two or three villages and seats are apportioned to each village in a haphazard manner. In places where there is a majority of population, minority of seats are allotted and *vice versa*. The result is that a minor village panchayat area rules the major village panchayat area. It is a minority ruling the majority. According to the principles of democracy, here in certain cases it is just the reverse. I shall take only one instance. There are very many instances like that. Take the case of the Melur and Muringur Vadakkummuri Panchayat. The population of the Melur Village is five times that of the Muringur Village. Even then for the past 20 years the Panchayat President is one belonging to the Muringur Village. A member belonging to the Melur Village can never become the President because there are two nominations. Then again there are very many manipulations. As a result of all these manipulations, for the past 20 years the Muringur Village has been getting the presidentship and that is to say it is a case of the minority ruling the majority. The Melur Village has a population of 8 to 9 thousand more than the Muringur Village. Therefore we feel very much aggrieved and request Government to set right the irregularities. There are very many instances like that. I only quoted one instance for brevity. When hereafter members are fixed for each panchayat area, it should be more or less on the population basis. If it is 1¼, you may reduce it to 1 and if it is 1¾, you may make it two. I commend the resolution to the acceptance of the house.

Mr. V. J. Mathai *(Planters)*: I second it.

മിസ്റ്റർ സി. വി. ഇയ്യ: സർ, ഈ പ്രമേയത്തിൽ മിസ്റ്റർ മൂത്തേടൻ ഉദ്ദേശിച്ചിട്ടുള്ള സംഗതി കുറച്ച് ന്യായമുള്ള ഒരു കാര്യമാണെങ്കിലും, പൊതുവെ എല്ലാ പഞ്ചായത്തുകൾക്കും ബാധകമാക്കുന്നപക്ഷം പ്രായോഗികമായി കുറച്ച് പ്രയാസമുള്ളതായിട്ടാണ് തോന്നുന്നത്. എന്നാൽ മേലൂർ വില്ലേജ് പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം ഇതു നടപ്പിൽ വരുത്തുന്നപക്ഷം വലിയ തരക്കേട് ഉണ്ടാവുകയില്ലായിരിക്കാം. ഈ കാര്യത്തിൽ പൊതുവെ പല പഞ്ചായത്തുകളേയും ഒന്നിച്ചെടുത്ത് ഞാനും മിസ്റ്റർ മൂത്തേടനും, മിസ്റ്റർ കുട്ടിസാഹിബ്മായി പഠിച്ച് ഒരു റിപ്പോർട്ടുണ്ടാക്കീട്ടുണ്ട്. ചില പഞ്ചായത്തുകളിൽ ജനസംഖ്യ വളരെ കൂടുതലും, ചില പഞ്ചായത്തുകളിൽ ജനസംഖ്യ വളരെ കുറവുമാണ്. മിസ്റ്റർ കുട്ടിയുടെ പഞ്ചായത്തിൽ ഏറ്റവും തുരുത്തുകളിൽകൂടി ഏകദേശം ൩൫,൦൦൦ ആണ് ജനസംഖ്യ. ഒമ്പതോ, പത്തോ, വില്ലേജുകൾ കൂടീട്ടുള്ള ചേലക്കര പഞ്ചായത്തിൽ ൩൨,൦൦൦ ജനങ്ങളെയുള്ളൂ. മൂന്നു വില്ലേജുകളുള്ള ഏറ്റവും നാഴിക വിസ്താരമുള്ള പെരുമ്പിലാവ് പഞ്ചായത്തിൽ ഉദ്ദേശം അയ്യായിരമോ, ആറായിരമോ ജനസംഖ്യയാണുള്ളതു്. നമ്മുടെ രാജ്യം ബ്രിട്ടീഷ് ഇൻഡ്യയിലുള്ള ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെറുതാണെങ്കിലും, അവിടെ ഉള്ളതും, ഇല്ലാത്തതുമായ പല പ്രയാസങ്ങളും, പല വിധത്തിലുള്ള പരിതഃസ്ഥിതികളും, വിഷമതകളും ഏതു രാഷ്ട്രീയപ്രശ്നത്തെ സംബന്ധിച്ചും ഇവിടെയുണ്ട്. ഉദാഹരണമായി മലംപ്രദേശത്തുള്ള ചില പഞ്ചായത്തുകൾ വിസ്തീർണ്ണംകൊണ്ട് കൂടുതലുണ്ടെങ്കിലും ജനസംഖ്യ വളരെ കുറവായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മരട പഞ്ചായത്തും, ചേരാനെല്ലൂർ പഞ്ചായത്തും ജനസംഖ്യ വളരെ കൂടുതലുള്ള സ്ഥലങ്ങളാണു്. വടവുകോട്ട്, വെള്ളാരപ്പിള്ളി, മലയാറ്റൂർ, ചേന്ദമംഗലം മുതലായി തിരുവിതാംകൂറിനോട് തൊട്ടുകിടക്കുന്ന പഞ്ചായത്തുകളിൽ ഓരോന്നിലും ഒരൊറ്റ വില്ലേജ് ഉള്ളു. അതു കൊണ്ടു് ജനസംഖ്യാനുപാതികമായിതന്നെ ഒരു ചട്ടം വെച്ചു് മാത്രം അതാതു പഞ്ചായത്തുകളിലേക്കു് ആളുകളെ എടുക്കുന്നതു വിചാരിക്കുന്ന കൂട്ടത്തിൽ പ്രായോഗികമല്ല.

മിസ്റ്റർ എ. വി. മൂത്തേടൻ : റേഷ്യോ വേണമെന്നു് ഞാൻ പറയുന്നില്ല. ഉദാഹരണത്തിന്നായി ആയിരത്തിന്നോ, രണ്ടായിരത്തിന്നോ ഒരു മെമ്പറെന്നു് എടുത്തു കാണിച്ചുവെന്നെയുള്ളു. Sir, I think the member has not clearly understood my point.

മിസ്റ്റർ സി. വി. ഇയ്യു : അതിനും പുറമെ ഇപ്പോഴത്തെ ഗവമ്മെണ്ടു് മിക്കവാറും പഞ്ചായത്തുകൾക്കു് അനുവദിക്കപ്പെടുന്ന സംഖ്യ ചില തത്വത്തിന്മേലും, ന്യായത്തിന്മേലും ചിലവു് ചെയ്യണമെന്നാണു് തീച്ചയാക്കീട്ടുള്ളതു്. വിസ്തീർണ്ണവും, ജനസംഖ്യയും രണ്ടുംകൂടി നോക്കിയാണല്ലോ ഇപ്പോൾ പണം അനുവദിക്കുന്ന നയം. പണ്ടത്തെ ഗവമ്മെണ്ടിന്റെ നടപടിപോലെ ചില പ്രത്യേക താല്പര്യമോ ഇഷ്ടമോ മാത്രം അനുസരിച്ചു പഞ്ചായത്തുകൾക്കു് സംഖ്യ അനുവദിക്കുന്ന സമ്പ്രദായം എല്ലാ പഞ്ചായത്തുകളുടെയും ആവശ്യത്തിന്നു് പര്യാപ്തമാകുന്നില്ലെന്നുള്ള സംഗതിയുംകൂടി ആലോചിക്കേണ്ടതായിട്ടുണ്ടു്. അധികാരത്തിൽ ഇരിക്കുന്നവരുടെ പ്രത്യേക ആനുകൂല്യത്തിനും, സ്ഥായിക്കും പാത്രമായിട്ടുള്ള ചില പഞ്ചായത്തുകൾക്കു് കൂടുതൽ സംഖ്യ അനുവദിക്കുകയും, അങ്ങിനെയുള്ള പരിതസ്ഥിതികളില്ലാത്ത പഞ്ചായത്തുകൾക്കു് വെറും നൂറുകയും, ഫൂറുകയും വീതിക്കുകയും ചെയ്യുന്നനയം തുടരുന്നതു ഇനി സാദ്ധ്യമല്ലാതെ വന്നിട്ടുണ്ടു്. മിസ്റ്റർ മൂത്തേടൻ നിർദ്ദേശിച്ച മേല്പർ പഞ്ചായത്തു് രണ്ടായി വിഭജിക്കണമെന്നാവശ്യപ്പെടുന്ന ഒരു പ്രമേയമായിരുന്നുവെങ്കിൽ അതിനെ അനുകൂലിക്കുവാൻ വിരോധമില്ലായിരുന്നു. ഇതു് രാജ്യത്തുള്ള എല്ലാ പഞ്ചായത്തുകളുടേയും പ്രാതിനിദ്ധ്യത്തെ ബാധിക്കുന്ന ഒരു കാര്യമായതുകൊണ്ടു് ഇതിനെ അനുകൂലിക്കുവാൻ നിവൃത്തിയില്ലാതെ വന്നതിൽ ഞാൻ വ്യസനിക്കുന്നു.

Mr. A. V. Moothedan *(Chalakkudi)*: There is a policy underlying the allocation of seats to the several panchayats. Is there any policy?

മിസ്റ്റർ സി. വി. ഇയ്യു: ഈ പഞ്ചായത്തുകളെ ഗ്രൂപ്പ്ചെയ്ത കാലത്തു് ചില പ്രമാണങ്ങളെ അടിസ്ഥാനമാക്കി അവർ ഗ്രൂപ്പ്ചെയ്തിട്ടുണ്ടെന്നു് അതിനെ കുറിച്ചു് കൂലങ്കഷമായി ചിന്തിക്കുമ്പോൾ അറിയാവുന്നതാണു്. മേല്പർ വില്ലേജ് പഞ്ചായത്തിന്റെ കാര്യത്തിൽ മാത്രം പ്രത്യേകം ഒരു തെറ്റു് വന്നിട്ടുണ്ടെന്നു പറയുവാൻ സാധിക്കുകയില്ല. പഞ്ചായത്തു് രൂപീകരിച്ചിട്ടുള്ളതു് വിസ്തീർണ്ണവും, ജനസംഖ്യയും കൂടാതെ ചില സാമുദായിക തത്വങ്ങളേയുംകൂടി ആസ്പദമാക്കികൊണ്ടാണു്. ഇതു് രൂപീകരിച്ച ആൾ ആരായാലും അദ്ദേഹം അഭിനന്ദനത്തിന്നു് അർഹനാണു്.

സാധാരണ ഓരോ പഞ്ചായത്തുകളിലും ചിലകരവഴക്കുകൾഉണ്ടായിക്കൂടായ്കയില്ല. വഴക്കുകൾ ഓരോ പ്രാദേശികമൊ, സാമുദായികമൊ ആയ കാര്യങ്ങൾ നിമിത്തമായിരിക്കും സംഗതിവശാൽ ചിലകരയിലുള്ളവക്കു പ്രസിഡണ്ടുസ്ഥാനം കിട്ടുന്നുള്ളുവെന്നുണ്ടാകാം. അതു ന്യായമല്ലായിരിക്കാം. എന്നിരുന്നാലും അക്കാര്യം ഒരു തത്വമായി സ്വീകരിച്ചു് നടപ്പിൽ വരുത്തുന്നതിനുപ്രായോഗികമായ പല വിഷമതകളുമുണ്ടു്. ചിലപഞ്ചായത്തുകൾഭോഗിച്ചാൽതരക്കേടില്ല. മേല്പർ പഞ്ചായത്തു് ഭോഗിക്കേണ്ട ഒന്നായിരിക്കാം. അതുകൊണ്ടു് ദോഷമാണൊ ഗുണമാണൊയെന്നൊക്കെ ഗൌരവമായി ചിന്തിക്കേണ്ടതായിട്ടുണ്ടു്. ഇതിനെല്ലാം പുറമെ പഞ്ചായത്തുഭരണത്തെ സംബന്ധിച്ചു ചില സാരമായ തെറ്റുകൾ തിരുത്തേണ്ടതുണ്ടു്. അതു ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതാണു്. അങ്ങിനെ വരുന്ന സമയത്തു് ഇതിനൊക്കെ നിവൃത്തിമാർഗ്ഗമുണ്ടാക്കാമെന്നാണു് ഞാൻ ഉദ്ദേശിക്കുന്നതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ചാലക്കുടിമെമ്പർ ഇപ്പോൾ ഈ പ്രമേയം പിൻവലിക്കണമെന്നു് ഞാൻ ആവശ്യപ്പെട്ടുന്നു. ഈ പ്രമേയത്തെ എതുക്കേണ്ടി വന്നതിൽ എനിക്കു വളരെ വ്യസനമുണ്ടു്.

Deputy President: What is your position? Is it that population should be the criterion for determining the number of seats?

Mr. A. V. Moothedan *(Chalakkudi)*: There is the other criterion.

Deputy President: Area.

LIBRARY ARCHIVES Kerala Legislative Assembly

Mr. A. V. Moothedan *(Chalakkudi)*: I have no objection to make it as half on population basis and the other half on area. There should be some criterion in allotting seats. Some thirty years ago one Diwan Peishkar committed a mistake and it is being repeated. That should be remedied at once. There should be some definite principle in the fixation of the number of members to each panchayat area.

*മിസ്റ്റർ വി. കെ. കുട്ടി: സർ, ഈ പ്രമേയത്തോട് അനുകൂലിക്കുവാൻ കുറച്ചു വിഷമം എനിക്കും തോന്നുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, ഒന്നാമതായി പഞ്ചായത്തു് വിഭജിച്ചു് പ്രവൃത്തിക്കുവാൻ ആലോചിക്കുന്നതിനു മുമ്പായി ആ വിഭജനത്തിൽ കൂടുതൽ വരുന്ന പഞ്ചായത്തു് ഏതു വിധത്തിൽ നടത്തിക്കൊണ്ടു പോകുവാൻ സാധിക്കുമെന്നാണു് ആലോചിക്കേണ്ടതു്. ഗവമ്മെണ്ടിൽനിന്നു ഇപ്പോൾ ഈ വകുപ്പിലേക്കു് അനുവദിച്ചിരിക്കുന്ന സംഖ്യ വളരെ തുച്ഛമാണു്. വാസ്തവത്തിൽ കൊച്ചി ഗവമ്മെണ്ടിന്റെയെന്നല്ല, ഏതൊരു ഗവമ്മെണ്ടിന്റെയും ഏറ്റവും വലിയ റവന്യു ചിലവാക്കേണ്ടുന്ന ഒരു ഡിപ്പാർട്ടുമെണ്ടാണു് പഞ്ചായത്തു്. വില്ലേജുകളിൽനിന്നും കിട്ടുന്ന സംഖ്യ മുഴുവനും പട്ടണങ്ങളിലെ ആവശ്യത്തിനു യാതൊരു ക്ഷാമവും കൂടാതെ ചിലവുചെയ്തു വരുന്ന സമ്പ്രദായം തുടർന്നുകൊണ്ടു പോകുന്നേടത്തോളം കാലം മിസ്റ്റർ മൂത്തേടൻ പറയുന്നതുപോലെ ജനസംഖ്യയുടെ തോതനുസരിച്ചു് ഓരോ പഞ്ചായത്തിലേയും ഭരണം നടത്തുന്നതു് യുക്തിപൂർവ്വം ആയിരിക്കുകയില്ലെന്നാണു് എന്റെ അഭിപ്രായം. ആയിരമൊ, ആയിരത്തി ഇരുന്നൂറോ നാലു രൂപയൊ മാത്രമാണു ഇപ്പോൾ പഞ്ചായത്തുകൾക്കു് ഭാഗിക്കുവാൻ കഴിയുന്നതു്. മിനിസ്റ്റർക്കു കൊടുത്തിട്ടുള്ള സംഖ്യ പോപ്പുലേഷൻ ബേയിസ്സിൽ ഏറ്റവും കൂടിയതു് ൧൨൫൦ രൂപ ആണെന്നാണു് എനിക്കു തോന്നുന്നതു്. അങ്ങിനെ നോക്കുകയാണെങ്കിൽ മിസ്റ്റർ ഇപ്പൂ പറഞ്ഞതുപോലെ ഓരോ പഞ്ചായത്തിനു കൂടിയതു്, അയമ്പതൊ അറുപതോ ഉറുപ്പികയെ വരികയുള്ളു. ൧൦൦ രൂപ രണ്ടോ മൂന്നോ വില്ലേജുകളിലായി ചിലവുചെയ്യുന്നതിനു് വ്യ-ം, ൧൦-ം മെമ്പർമാരടങ്ങിയ ഒരു പഞ്ചായത്തു എന്തിനാണെന്നു ഞാൻ ചോദിക്കുന്നു? ധാരാളമായി ആവശ്യമുള്ളേടത്തോളം സംഖ്യ ചിലവുചെയ്തു് വില്ലേജുകളും പട്ടണങ്ങളായി പ്രവർത്തനം ചെയ്യുവാനുള്ള പരിശ്രമങ്ങളും, അല്ലെങ്കിൽ ഒരു നയം ഗവമ്മെണ്ടു് അംഗീകരിക്കുന്നതുവരെ ഇന്നത്തെ പഞ്ചായത്തു് വിപുലപ്പെടുത്തുന്നതുകൊണ്ടു് യാതൊരു ഫലവുമില്ലെന്നാണു് എന്റെ വിശ്വാസം. വില്ലേജുകളിൽനിന്നുള്ള വരുമാനം മുഴുവൻ ജനറൽ റവന്യൂവിലേക്കു് പോവുകയും, വില്ലേജുകളിലെ ഭരണത്തിനു ആവശ്യമുള്ള സംഖ്യ.....

ഡെപ്യൂട്ടി പ്രസിഡണ്ടു്: ജനസംഖ്യ അനുസരിച്ചു സീറ്റു് നിശ്ചയിക്കേണ്ട കാര്യമില്ല ഇവിടെ പറയുന്നതു്?

മിസ്റ്റർ വി. കെ. കുട്ടി: മിസ്റ്റർ മൂത്തേടൻ പറയുന്നതുപോലെ പഞ്ചായത്തുകൾ വർദ്ധിപ്പിക്കുന്ന പക്ഷം.....

ഡെപ്യൂട്ടി പ്രസിഡണ്ടു്: മിസ്റ്റർ മൂത്തേടൻ പഞ്ചായത്തുകൾ വർദ്ധിപ്പിക്കണമെന്നു പറയുന്നില്ല.

മിസ്റ്റർ വി. കെ. കുട്ടി: കൂടുതൽ വരും. ഇപ്പോൾ ചേരാനെല്ലൂർ വില്ലേജിൽ മിസ്റ്റർ മൂത്തേടൻ പറയുന്നതുപോലെയാണെങ്കിൽ അവിടത്തെ ജനസംഖ്യയനുസരിച്ചു് ൧൧ മെമ്പർമാർ വേണ്ടിവരും. ഇപ്പോൾ അവിടെ ൭ പേർ മാത്രമെയുള്ളു. ജനറൽ കോൺസ്റ്റിറ്റിവൻസ് ഒഴിച്ചാൽ മറ്റുള്ളതെല്ലാം റിസർവ് ചെയ്തുവെച്ചിട്ടുണ്ടു്. ഇനിയും വർദ്ധിപ്പിക്കുന്നപക്ഷം അതു തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുകയില്ല. ഈ ഒരു സമ്പ്രദായം നിലവിലിരിക്കുന്ന കാലത്തു് ഈ മാതിരി വിഭജനംകൊണ്ടു് കാര്യമില്ല. മിസ്റ്റർ മൂത്തേടന്റെ ഈ റസലൂഷനെ അനുകൂലിക്കുവാൻ കഴിയാത്തതിൽ എനിക്കു വ്യസനമുണ്ടു്. അദ്ദേഹം ഇതു് പിൻവലിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Mr. K. M. Ibrahim *(Cranganur)*: Then the same kind of objection applies more or less to the constituencies of the Legislative Council.

*മിസ്റ്റർ ടി. കെ. നായർ: പ്രമേയം വായിച്ചാൽ തോന്നുന്നതു്, ഉദാഹരണമായിട്ടു പറയുകയാണെങ്കിൽ ൫,൦൦൦ ആളുകളുണ്ടെങ്കിൽ ഒരു മെമ്പർ വേണമെന്നാണു്. ഇതിന്റെ അവതാരകൻ പറഞ്ഞതു് ൨,൫൦൦ ആളുകളുണ്ടെങ്കിലും ഒരു മെമ്പർ മതിയെന്നാണു്. അതിൽ കുറവാണെങ്കിൽ വേണ്ടെന്നുവെക്കുകയും ചെയ്യാം. കൊച്ചിരാജ്യത്തു ഒട്ടാകെയുള്ള പഞ്ചായത്തുകളിൽ ൫,൦൦൦ ആളുകൾക്കു ഒരു മെമ്പർ എന്നുള്ള നിലയിൽ ഒരു വിഭജനം വേണ

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണെങ്കിൽ അതു പ്രത്യക്ഷത്തിൽ കൊള്ളാം. അപ്പോൾ അദ്ദേഹത്തിന്റെ വിശദീകരണത്തിൽ ഓരോ പഞ്ചായത്തിലേയും മെമ്പർമാരിൽ അവിടത്തെ ജനസംഖ്യയുടെ കൂടുതൽ കുറവു അനുസരിച്ചു് കൊയ്യണമെന്നുണ്ടെങ്കിൽ അതു ന്യായമായിട്ടുള്ള ഒരു സംഗതിയും, സമീകരിക്കുവാൻ വിരോധമില്ലാത്തതുമാണു്. ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തിൽ കൂടുതൽ മെമ്പർമാരും, കുറവുള്ള പഞ്ചായത്തിൽ കുറഞ്ഞുള്ള മെമ്പർമാരും മാത്രമെ പാടുള്ളു. അദ്ദേഹം പറഞ്ഞതുപോലെ എങ്ങിനെയാണു് മേലൂരിൽ മെമ്പർമാർ കുറവായതു് എന്നു അറിഞ്ഞുകൂടാ. ഒരുപക്ഷെ പഞ്ചായത്തു സ്ഥാപിച്ചതിന്റെ ശേഷം ജനസംഖ്യ കുറെ വർദ്ധിച്ചിട്ടുണ്ടായിരിക്കാം. പിന്നെ മേലൂർ വില്ലേജിന്നു പ്രസിഡണ്ടുസ്ഥാനം ഒരുകാലത്തും കിട്ടുന്നില്ലെന്നുള്ള വാദത്തിന്നു് ഒരു നിവാരണം ഉണ്ടാക്കുവാൻ ഗവൺമെണ്ടിന്നു നിവൃത്തിയില്ല. കൂടുതൽ ജനസംഖ്യയുള്ള മേലൂർ ഒരു മെമ്പറെ കൊടുത്തുകഴിഞ്ഞാൽ ജനസംഖ്യ കുറവുള്ള മരിങ്ങൂർ വില്ലേജിൽ മന്ത്രി ജനസംഖ്യ കൂട്ടിത്തരണം, എന്നുള്ള ആവലാധി ഉണ്ടാകാൻ വിരോധമില്ല. (ചിരി). ഈ ഒരു നിലയിലാണു് ഈ പ്രമേയത്തിന്റെ ഉദ്ദേശമെന്നുണ്ടെങ്കിൽ അതു ഗവൺമെണ്ടു് സമീകരിച്ചിട്ടുള്ളതാണു്. അതു അവസരത്തെ ഇലക്ഷൻ വരുന്ന സമയത്തു് ആലോചിക്കേണ്ട ഒരു സംഗതിയാണു്. എല്ലാ പഞ്ചായത്തുകളുടെയും കാര്യത്തിൽ ഒരു നിരക്കുവെച്ചു കൊയ്യുവാൻ പ്രയാസമാണു്.

പിന്നെ ഈ വിഷയം തീർച്ചയാക്കുന്നതിന്നു് ഒരു കമ്മിറ്റി വേണമോ, വേണ്ടയോയെന്നുള്ളതിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതിന്നു് ഒരു കമ്മിറ്റി നിയമിക്കേണ്ടതില്ലെന്നാണു് ഞാൻ പറയുന്നതു്. ഇതിൽ ഒട്ടാകെയുള്ള കാര്യം മേലൂർ പഞ്ചായത്തിലേക്കു് മെമ്പർമാരെ കൂട്ടികൊടുക്കണമെന്നുള്ളതാണു്. അതിന്നു് ഒരു കമ്മിറ്റി വേണമെന്നു് എനിക്കു തോന്നുന്നില്ല. അടുത്ത പഞ്ചായത്തു് ഇലക്ഷൻകാലത്തു് ഇങ്ങിനെയുള്ള കാര്യത്തെപ്പറ്റി ആലോചിച്ചുകൊള്ളാം,

മിസ്റ്റർ അപ്പോ ഒസേപ്പു് : മേലൂർ മാത്രമല്ല ഈ വിഷമമുള്ളതു്.

മിസ്റ്റർ ടി. കെ. നായർ : അതൊക്കെ ഏതു സ്ഥലത്താണെങ്കിലും നോക്കാം. സെൻസസ്സു് എടുത്തു നോക്കുന്നതായാൽ ഇതു് ക്ലിപ്തപ്പെടുത്തുന്നതിന്നു് യാതൊരു വിഷമവുമില്ല.

മിസ്റ്റർ വി. കെ. കുട്ടി: റിസർവേഷൻ അംഗീകരിച്ചിട്ടുണ്ടെന്നാണോ പറയുന്നതു്.

മിസ്റ്റർ ടി. കെ. നായർ : റിസർവേഷൻ വരാൻ പോകുന്നേയുള്ളു. ഇതിനെസംബന്ധിച്ചു് അവതാരകനും, മിസ്റ്റർ ഇയ്യുവും, മിസ്റ്റർ കുട്ടിയും കൂടി ആലോചിച്ചിട്ടു് ഒരു പദ്ധതി ഉണ്ടാക്കിതന്നിട്ടുണ്ടു്. അതിൽ ഇതൊക്കെ പറഞ്ഞിട്ടുണ്ടു്. അതിന്നു് ഒരു പഞ്ചായത്തു ബിൽ ഇവിടെ അവതരിപ്പിക്കുവാൻ പോകുന്നുണ്ടെന്നു് അദ്ദേഹത്തിന്നു് അറിയുകയും ചെയ്യാം.

മിസ്റ്റർ എ. വി. മൂത്തേടൻ : ബിൽ കാണാത്തതുകൊണ്ടാണു് ഈ റസലൂഷൻ അയച്ചതു്.

മിസ്റ്റർ ടി. കെ. നായർ : ബിൽ കൊണ്ടുവരണമെങ്കിൽ അതിനെപ്പറ്റി വളരെ ആലോചിക്കുവാൻ ഉണ്ടു്.

കമ്മിറ്റി വെക്കുന്ന കാര്യത്തിൽ ഗവൺമെണ്ടു് അനുകൂലമല്ല. ഇതിന്റെ തത്വം ഗവൺമെണ്ടു സമീകരിച്ചിട്ടുണ്ടു്.

Mr. A. V. Moothedan *(Chalakkudi)*: I agree with the suggestion that a committee is not required. I only want that this standing grievance should be redressed. I do not know why Mr. Iyyu opposed this resolution. He always suspects me. I only want that so far as the Melur Village is concerned the Hon'ble Minister will be pleased to look into the matter and remedy the evil instead of waiting till the next elections. There are other village also. I am not in a position to give statistics.

മിസ്റ്റർ ടി. കെ. നായർ : ഇപ്പോൾ എങ്ങിനെയാണു് ഞങ്ങൾ അവിടെ വന്നു പ്രവേശിക്കുകയെന്നു് അറിഞ്ഞുകൂടാ. ഇപ്പോൾ അവിടെയുള്ള മെമ്പർമാരെ മാറ്റി ഒരു ഇലക്ഷൻ നടത്തുവാൻ സാധ്യമാണോയെന്നുള്ളതാണു് ആലോചിക്കേണ്ടതു്.

Mr. A. V. Moothedan *(Chalakkudi)*: Regarding the suggestion that a uniform scale should be applied, it is not possible. Separate population basis may be followed in respect of each Panchayat area. It may be one member for a population 4,000 in one area and in others one member for a population of 2,000, 1,000 or 3,000. I have no objection to that.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. കെ. നായർ :കൂടുതൽ ജനസംഖ്യയുള്ള സ്ഥലങ്ങളിലേക്ക് കൂടുതൽ മെമ്പർ മാരെ കൊടുക്കാമെന്നുള്ളതുപോലെ ഗവൺമെന്റ് സമ്മതിക്കാം.

Mr. A. V. Moothedan *(Chalakkudi)*: No useful purpose will be served in investigation of past actions. I do not know the population of Melur Village increased so much. Many people from other places have come there. I am thankful for the assurance given by the Hon'ble Minister. I beg leave of the House to withdraw the resolution.

Resolution, by leave, withdrawn

RESOLUTION No. 13

Plans and Steps to tackle the possible postwar problems

Mr. V. J. Mathai *(Planters)*: Sir, I beg to move the following Resolution.—

"This Council recommends to Government that plans may be laid down and steps taken for tackling the possible post-war problems of the State."

I do not think this is a matter which ought to be sniffed at in so cavalier a manner. We find it is acknowledged all over the world that out of the turmoil and the welter of the present struggle may loom out a new world with new problems. From President Roosevelt to Marshial Chiang Kai Sheik, from Panama to Peking this is accepted by all thinking men. Every country is visualising the possibilities and trembling at the disastrous consequences of inattention to this question. In England the Beveridge Plan has come out. National Security Plans are coming out, all kinds of plans for granting us security against the four fears are also looming up. As to how far Cochin will be affected by post-war problems is easy to see. We have several thousands of youg men in distant lands serving in the Military and several thousands more of young men who serve in Assam. There are a good number of other people engaged in the war supply industries. Take for example even the timber trade and the nail making industry. There are several other industries which are entirely dependant upon war demands and the continuation of the war. The result is easy to see. When the war stops, and stop it must, immediately all these problems will rise up without any other outside agency. All the young men who have gone to the front will be returning after seeing distant lands and after having imbibed new ideas and ideals of Socialism, Communism and Bolshevism and if you do not meet their aspirations, I do not think that Cochin will be a quiet place. Therefore I say do not sniff at this. In England today as at present obtaining, they have got insurance against old age and insurance against unemployment. If you analyse the Beveridge scheme you will find that everybody is to be guaranteed work and food and that guarantee has been given by the President of the United States of America. That is the accepted position today. I say how are you going to provide all those who will be returning and all those who will be thrown out of employment in the Cochin State itself? Take for instance the A.R.P. Organisation. How many of our people are employed in it now? All these people will be sent away after the war. I am only citing one example. This is a vast and complicated problem and mind you, all these problems are not coming to you with due notice. They are going to come upon you suddenly like a thunder-clap. I ask you the question if all these young men are returning and if all the men employed here are thrown out of their employment, what will be the position? Is there sufficient employment for all the people who are returning? Certainly not. There will be the food problem. There will be no employment for the people who will return. You must remember that about a lakh of our people are now being fed in foreign lands. When they return the food problem becomes all the more greater. You cannot elongate the land. You cannot widen it. You want a Parasurama for that. If these problems are going to decend upon you suddenly like a deluge, should you not be prepared for that. It is a world problem, it is an all India question. But it is particularly a Cochin problem. All India problems will be solved by an All India Committee, but the peculiar problems relating to Cochin will have to be solved by the Cochin State itself. Therefore I say go into these questions and be prepared to tackle them. Otherwise the consequences may be disastrous. There is no use crying after the disaster. This is what has been in my mind and I gave this resolution prominence and precedence among my other resolutions. It is not for me now immediately to suggest all the ways and methods. There are numerous possibilities. For example we have got a large area of forest land. More than half of Cochin is forestland. Clear part of the forests and plant it and if you are afraid of denudation of forests, then plant those forests with only trees like Cinchona, Rubber and the like. I say develop the planting industry.

LIBRARY ARCHIVES Kerala Legislative Assembly